**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **02-02-2024 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ രൂപം കൊടുത്ത കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഘടനയും വ്യക്തമാക്കാമോ; | (എ) | ആഭ്യന്തര - അന്തർദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക, അതുവഴി സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുക, കൃഷിവകുപ്പിന് കീഴിലുള്ള കാർഷികോൽപാദന കമ്പനികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കർഷകർക്കും കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിന് ആവശ്യാനുസരണം സഹായം നൽകുക എന്നിവയാണ് നിർദ്ധിഷ്ട കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.<br><br>കേരള സർക്കാരിന്റെ 33% ഓഹരിയും, 24% ത്തിൽ അധികരിക്കാതെ കർഷക ഓഹരിയും, 25% ത്തിൽ അധികരിക്കാതെ കർഷക കൂട്ടായ്മകളുടെ ഓഹരിയും, 13% ത്തിൽ അധികരിക്കാതെ പൊതു ഓഹരിയും, പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ 5% ത്തിൽ അധികരിക്കാത്ത ഓഹരിയും അടങ്ങിയിട്ടുള്ളതാണ് കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ ഘടന. |
| (ബി) | പ്രസ്തുത കമ്പനിയുടെ പ്രവർത്തന പരിധിയിൽ നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ളതും ഭക്ഷ്യ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതുമായ കാർഷിക പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | കാബ്കോയുടെ പ്രവർത്തന പരിധിയിൽ നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ളതും ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതുമായ കാർഷിക പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MoA), ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ (AoA) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ